I ഇ.ബി. XIV - കേരള നിയമസഭ/XV-20

# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂലൈ 04, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തരസമയം)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 4414-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 4414-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

ലോക്കപ്പ് മർദ്ദനം

മി. സ്പീക്കർ: നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ ക്രൂരമർദ്ദനംമൂലം

കൊല്ലപ്പെട്ട രാജ്കുമാറിനെ കസ്റ്റഡിയിലെടുത്ത ദിവസംതന്നെ മുണ്ടിയെരുമ സ്വദേശിയായ ഓട്ടോ ഡ്രൈവർ ഹക്കിം ക്രൂരമർദ്ദനത്തിനിരയായെന്ന വാർത്തകൾ കേരള പോലീസിന് തികച്ചും അപമാനകരമാണ്. തുടർച്ചയായി ലോക്കപ്പ് മർദ്ദനങ്ങളും പോലീസിന്റെ നരനായാട്ടും ആവർത്തിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. എം. ഷാജി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം പോലീസ് സ്റ്റേഷൻ പരിധിയിൽ മുണ്ടിയെരുമ സ്വദേശിയായ ഓട്ടോ ഡ്രൈവർ ഹക്കിം ഭാര്യ റസീനയെ ദേഹോപദ്രവമേൽപ്പിച്ചതിനെത്തുടർന്ന് 14-06-2019-ന് നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ അറസ്റ്റ് ചെയ്ത് 15-06-2019-ന് റിമാന്റ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ജാമ്യത്തിലിറങ്ങിയ ഹക്കിം പോലീസുദ്യോഗസ്ഥർ ദേഹോപദ്രവമേൽപ്പിച്ചെന്നാരോപിച്ച് 02-07-2019-ൽ നെടുങ്കണ്ടം

താലൂക്കാശുപത്രിയിൽ ചികിത്സയ്ക്കെത്തുകയും ഡോക്ടർ എക്സ്റേ എടുക്കാൻ നിർദ്ദേശിച്ചതിനെത്തുടർന്ന് ടി ആശുപത്രിയിൽനിന്നും മടങ്ങി നെടുങ്കണ്ടം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുള്ളതുമാണ്. വിവരമറിഞ്ഞ് നെടുങ്കണ്ടം എസ്.എച്ച്.ഒ. ആശുപത്രിയിലെത്തി ഹക്കിമിന്റെ മൊഴി രേഖപ്പെടുത്തുകയും കണ്ടാലറിയാവുന്ന രണ്ട് പോലീസുദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. കോടതിയിൽ ഹാജരാക്കിയപ്പോഴോ മെഡിക്കൽ പരിശോധനാവേളയിലോ പ്രതി പരാതി ഉന്നയിച്ചിട്ടില്ല.

ശ്രീ. ഷാഫി പറമ്പിൽ: കുടുംബപ്രശ്നത്തിന്റെ പേരിൽ കസ്റ്റഡിയിലെടുത്ത പ്രതിയെ ക്രൂരമർദ്ദനത്തിനിരയാക്കുന്ന സമീപനം ശരിയല്ല. ലോക്കപ്പിൽ പോലീസിന്റെ ക്രൂരമർദ്ദനങ്ങൾ തുടർക്കഥയാകുന്നത് ആഭ്യന്തര വകുപ്പിന്റെ പരാജയത്തെയാണ് കാണിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് 7 കസ്റ്റഡി മരണങ്ങളാണുണ്ടായിട്ടുള്ളത്. കുറ്റകൃത്യങ്ങളിലുൾപ്പെട്ട പോലീസുദ്യോഗസ്ഥർക്ക് പ്രൊമോഷനും മറ്റാനുകൂല്യങ്ങളും നൽകുന്നത് തെറ്റായ നടപടിയാണ്. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കസ്റ്റഡി മരണങ്ങൾക്ക്

കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. പോലീസുകാർ വഴിവിട്ട് പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ കർക്കശ നടപടിയുണ്ടാകും. രാജ്കുമാറിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് ചില ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ട്. കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ ശക്തമായ നടപടിയുണ്ടാകും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, പി. സി. ജോർജ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധ ക്ഷണിക്കൽ

(1) <u>ലൈഫ് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: വയനാട് ജില്ലയിലെ കൂട്ടുകുടുംബ സമ്പ്രദായം

പിന്നോക്ക ആദിവാസി വിഭാഗങ്ങളും ലയങ്ങളിൽ താമസിക്കുന്ന തോട്ടം തൊഴിലാളികളും ഒരേ റേഷൻകാർഡിനു കീഴിൽ ഉപകുടുംബങ്ങളായി താമസിക്കുന്നവരായതിനാൽ ലൈഫ് പദ്ധതിപ്രകാരമുള്ള വീടുകൾക്ക് അർഹത നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കി എല്ലാ ഉപകുടുംബങ്ങൾക്കും ടി പദ്ധതിപ്രകാരമുള്ള വീടുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഒരു റേഷൻ കാർഡിലുള്ളവരെ ഒരു കുടുംബമായി കണക്കാക്കണമെന്ന ലൈഫ് മിഷൻ പദ്ധതിയുടെ മാനദണ്ഡ പ്രകാരം ഉപകുടുംബങ്ങളായി താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടിന് അർഹത നിഷേധിക്കുന്ന സ്ഥിതി ഒഴിവാക്കുന്നതിനായി മാനദണ്ഡങ്ങളിൽ ഇളവു വരുത്തി ഉപകുടുംബങ്ങളെയും പരിഗണിക്കാൻ ലൈഫ് മിഷന്റെ ഉപദേശക സമിതി തീരുമാനിക്കുകയും മുഴുവൻ ഗുണഭോക്താക്കൾക്കും വീട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ലൈഫ് പദ്ധതി പ്രകാരമുള്ള വീടുകൾക്ക് അർഹരെന്ന് തൊഴിൽ വകുപ്പ് കണ്ടെത്തിയ വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികളിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് ഈ വർഷം തന്നെ വീട് നൽകുന്നതിനുപുറമെ ഭൂ-ഭവനരഹിതർക്ക് തോട്ടം ഉടമകളിൽനിന്നും സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച്

നൽകുന്നതാണ്.

(2) സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

ശ്രീ. പി. ജെ. ജോസഫ്: കക്കൂസ് മാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ ഒഴുക്കുന്നത് തടയുന്നതിനും എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട സിറ്റികളിലും എയ്റോബിക് ആന്റ് അൺഎയ്റോബിക് ടെക്നോളജി ഉപയോഗിച്ച് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): എല്ലാ ജില്ലകളിലും ഓരോ സർക്കാർ ആശുപത്രിയിലും വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകളിലും മാതൃകാ സ്വീവേജ് സംസ്കരണ പ്ലാന്റുകൾ ഈ വർഷം സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. അമൃത് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സെപ്റ്റേജ് മാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ ഒഴുക്കുന്നത് തടയാനും വാഹനങ്ങൾ പിടിച്ചെടുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## IV സബ്മിഷൻ

### (1) പോലീസ് മർദ്ദനം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേന്ദ്ര വിദ്യാഭ്യാസ നയത്തിനെതിരെയും ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കരുതെന്നാവശ്യപ്പെട്ടും സെക്രട്ടേറിയറ്റ് മാർച്ച് നടത്തിയ കെ.എസ്.യു. പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും പരിക്കേറ്റ വിദ്യാർത്ഥികൾക്ക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനെക്കുറിച്ച് അന്വേഷിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പൊതുവിദ്യാഭ്യാസ മേഖലയിൽ ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള സർക്കാർ തീരുമാനത്തിൽ പ്രതിഷേധിച്ച് 03-07-2019-ന് സെക്രട്ടേറിയറ്റ് മാർച്ച് നടത്തിയ നൂറോളം വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ ഗതാഗതം തടസ്സപ്പെടുത്തുകയും പോലീസിനുനേരെ കല്ലുകളും മറ്റും വലിച്ചെറിയുകയും ചെയ്തതിന്റെ ഫലമായി രണ്ട് പോലീസുദ്യോഗസ്ഥർക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. നിയമപരമായ മുന്നറിയിപ്പുകൾ നൽകിയശേഷം ജലപീരങ്കിയും കണ്ണീർവാതക ഷെല്ലുകളും

ഉപയോഗിച്ച് അക്രമാസക്തരായ പ്രവർത്തകരെ പിരിച്ചുവിടാൻ ശ്രമിച്ചെങ്കിലും പോലീസിനുനേരെയുള്ള ആക്രമണം തുടരുകയാണുണ്ടായത്. സംഭവത്തിൽ പരിക്കേറ്റ പ്രവർത്തകരെ പോലീസ് ആശുപത്രിയിലെത്തിച്ച് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പരിക്കേറ്റ വിദ്യാർത്ഥികൾക്ക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ ലഭിക്കുന്നതിന് കാലതാമസം നേരിട്ടതുസംബന്ധിച്ച് അന്വേഷിക്കുന്നതാണ്.

(2) സഭാതർക്കം

ശ്രീ. ആന്റണി ജോൺ: യാക്കോബായ-ഓർത്തഡോക്സ് സഭാതർക്കം ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ഇരുവിഭാഗങ്ങൾക്കും സ്വീകാര്യമായ രീതിയിൽ യാക്കോബായ-ഓർത്തഡോക്സ് സഭാതർക്കത്തിന് പരിഹാരം കാണണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ നിലനിൽക്കുന്ന സഭാതർക്കം പരിഹരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ വിവിധ പള്ളികളിൽ ആരാധന നടത്തുന്നതുസംബന്ധിച്ച

തർക്കം ദീർഘകാലമായി നിലനിൽക്കുന്നതാണ്. ഇതുസംബന്ധിച്ച 03-07-2017-ലെ സുപ്രീംകോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇരുസഭകളിലുംപെട്ട സമാധാനകാംഷികളുമായി ക്യാബിനറ്റ് സബ് കമ്മിറ്റി പല തവണ ചർച്ച നടത്തിയിട്ടുണ്ട്. വിശ്വാസികൾക്ക് ആരാധനയ്ക്ക് തടസ്സമാകുന്ന സാഹചര്യമുണ്ടാകരുതെന്ന സർക്കാരിന്റെ ദൃഢനിശ്ചയത്തിന്റെ ഭാഗമായി അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനും ക്രമസമാധാനപാലനത്തിനുമായി പോലീസ് ഇടപെടൽ വേണ്ടിവന്നിട്ടുണ്ട്. സംഘർഷങ്ങൾ ഒഴിവാക്കി സുപ്രീംകോടതി വിധി പ്രാവർത്തികമാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഇക്കാര്യത്തിൽ സുപ്രീംകോടതി വിധി സമാധാനപരമായും സമവായത്തോടും നടപ്പിലാക്കുന്നതിന് ഊന്നൽ നൽകുന്നതാണ്.

## (3) പോലീസ് നടപടി

ഡോ. എം. കെ. മുനീർ: ജേക്കബ് തോമസിന്റെ പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ കറന്റ് ബുക്സ് അധികൃതരെ ബുദ്ധിമുട്ടിക്കുന്ന പോലീസ് നടപടി അവസാനിപ്പിക്കണം.

(മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.)

(4) കോടതി സമുച്ചയം

ശ്രീ. ആർ. രാമചന്ദ്രൻ: കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.)

(5) പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഫീസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ചെറുകിട-ഇടത്തരം വർക്ക്ഷോപ്പുടമകൾക്ക് പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഫീസടവ് നിബന്ധനകളിൽ ഇളവ് അനുവദിക്കണം.

(മറുപടി മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.)

(6) കോടതി കെട്ടിടനിർമ്മാണം

ശ്രീ. പി. ടി. എ. റഹീം: കുന്ദമംഗലം കോടതി കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തിയാക്കണം.

(മറുപടി മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.)

(7) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: മലപ്പുറം വളാഞ്ചേരിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.)

(8) ഇ-കോമേഴ്സ് ആരംഭിക്കൽ

ശ്രീ. ഐ. ബി. സതീഷ്: കേരളീയ ഉല്പന്നങ്ങൾ ഇ-കോമേഴ്സ് സൈറ്റ് മുഖേന സർക്കാർ ഉടമസ്ഥതയിൽ വില്പന നടത്തുന്നതിന് സംവിധാനമുണ്ടാക്കണം.

(മറുപടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.)

(9) സ്റ്റീൽ ഫാക്ടറി

ശ്രീ. ബി. സത്യൻ: ആറ്റിങ്ങലിലെ സ്റ്റീൽ ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

(ശ്രീ. ഇ. പി. ജയരാജൻ): കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള സ്റ്റീൽ ഫാക്ടറിക്ക് സ്ഥലം വിട്ടുകിട്ടുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(10) പുനരധിവാസം

ശ്രീ. വി. എസ്. ശിവകുമാർ: വേളി ടൂറിസ്റ്റ് വില്ലേജ് വികസനത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസത്തിന് നടപടി സ്വീകരിക്കണം.

(മറുപടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.)

(11) ഭൂമിയേറ്റെടുക്കൽ

ശ്രീ. പി. ഉണ്ണി: ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): നിലവിലെ മാനദണ്ഡപ്രകാരം ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്.

(12) പട്ടയ വിതരണം

ഡോ. എൻ. ജയരാജ്: മണിമല പഞ്ചായത്തിലെ പൊന്തൻപുഴ വനമേഖലയ്ക്ക് സമീപം കൈവശാവകാശരേഖ ലഭിച്ചവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സുപ്രീംകോടതിയുടെ അന്തിമവിധിക്കുശേഷം വനം വകുപ്പിന്റെ അംഗീകാരത്തോടുകൂടിമാത്രമേ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ.

(13) ഭൂമി സംബന്ധമായ പ്രശ്നങ്ങൾ

ശ്രീ. എ. പി. അനിൽ കുമാർ: കരുവാരക്കുണ്ട് പഞ്ചായത്തിലെ കേരള എസ്റ്റേറ്റ് വില്ലേജ് നിവാസികളുടെ പോക്കുവരവുൾപ്പെടെയുള്ള ഭൂമിസംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരള ഭൂപരിഷ്കരണ നിയമത്തിന്റെ ലംഘനമായതുകൊണ്ടാണ് ഈ പ്രശ്നത്തിൽ പോക്കുവരവ് ചെയ്യാൻ സാധിക്കാത്തത്. ഭൂനികുതി സ്വീകരിക്കാൻ നിലവിൽ തടസ്സമില്ല.

(14) കരം അടയ്ക്കുന്നതിലെ തടസ്സം

ശ്രീ. പി. സി. ജോർജ്: മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ റീസർവ്വേ നടപടികൾക്കുശേഷം റിക്കാർഡുകളിൽ മാറ്റം വരുത്തിയതുകാരണം കർഷകർക്ക് കരം അടയ്ക്കാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): റീസർവ്വേ റിക്കാർഡുകളിലെ പിശകുകൾ തിരുത്തുന്നതിന് ഭൂരേഖാ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(15) ഡിവിഷൻ ഓഫീസ്

ശ്രീ. ടി. വി. ഇബ്രാഹിം: കൊണ്ടോട്ടിയിൽ കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഭരണാനുമതി ലഭിക്കാത്ത പദ്ധതിയുടെ നടത്തിപ്പിനായി പുതിയ ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

(16) കുടിവെള്ള പദ്ധതി

ശ്രീ. പി. കെ. അബ്ദു റബ്ബ്: നന്നമ്പ്ര പഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർവ്വേ ജോലികൾ പൂർത്തിയാകുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച്

തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(17) മാറ്റിടാംപാറ സംരക്ഷിക്കൽ

ശ്രീ. മുല്ലക്കര രത്നാകരൻ: കടയ്ക്കൽ-മാറ്റിടാംപാറ ഗുഹകൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): എം.എൽ.എ. ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പ്രസ്തുത സ്ഥലം സന്ദർശിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(18) കയർ പ്രതിസന്ധി

ശ്രീ. വി. ജോയി: അഞ്ചുതെങ്ങ് മേഖലയിലെ കയർ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കയറിന്റെ പ്രൊഡക്ടിവിറ്റിയെക്കുറിച്ച് പഠിക്കുന്ന സംഘത്തിന്റെ റിപ്പോർട്ട് ലഭിക്കുകയും തുടർന്ന് കോസ്റ്റ് ഓഫ് പ്രൊഡക്ഷന്റെ കണക്ക് ശേഖരിക്കുകയും ചെയ്തതിനുശേഷം കയർ പ്രതിസന്ധി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(19) കന്യാസുരക്ഷാ പദ്ധതി

<u>ശ്രീമതി സി. കെ. ആശ</u>: കന്യാസുരക്ഷാ പദ്ധതിക്കാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): ഈ പദ്ധതിയുടെ മാസ്റ്റർ പോളിസി ഡോക്യുമെന്റ്സിനെ സംബന്ധിച്ച വിവരങ്ങളടങ്ങിയ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്.

(20) <u>ധനസഹായം</u>

<u>ശ്രീ. സജി ചെറിയാൻ</u>: ഉതൃട്ടാതി വള്ളംകളിക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനസഹായം പൈതൃക ജലോത്സവങ്ങൾക്കായുള്ള പ്ലാൻ ഗൈഡ്‌ലൈൻസിൽ ഉൾപ്പെടുത്തി നൽകുന്നതിന് മുൻകയ്യെടുക്കുന്നതാണ്.

(21) <u>ഭരണാനുമതി</u>

<u>ശ്രീ. ആർ. രാജേഷ്</u>: മാവേലിക്കര ജില്ലാ ആശുപത്രിയുടെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന് കിഫ്ബിയുടെ ഭരണാനുമതി ലഭ്യമാക്കാൻ നടപടി

സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി 126 കോടി രൂപയുടെ ഭരണാനുമതി നൽകുകയും വിശദമായ റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തെങ്കിലും പദ്ധതിയുടെ വിസ്തീർണ്ണം കൂടുതലായതിനാൽ പാരിസ്ഥിതികാഘാത റിപ്പോർട്ട് ലഭ്യമാക്കേണ്ടതുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(22) പച്ചതേങ്ങ സംഭരണം

ശ്രീ. കെ. സി. ജോസഫ്: 35 രൂപയ്ക്ക് പച്ചതേങ്ങ സംഭരിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): 2019 ജൂലൈ മാസം 6-ാം തീയതി മുതൽ 27 രൂപയ്ക്ക് പച്ചതേങ്ങ സംഭരിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോടുവച്ച് നിർവ്വഹിക്കുന്നതാണ്. മുമ്പ് പ്രഖ്യാപിച്ച സൊസൈറ്റികൾ മുഖേനയാണ് തേങ്ങ സംഭരിക്കുന്നത്.

(23) കാർഷികവായ്പ എഴുതിത്തള്ളൽ

ശ്രീ. മോൻസ് ജോസഫ്: കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കർഷക കടാശ്വാസ കമ്മീഷന്റെ പരിഗണനാപരിധി 2014 വരെ നീട്ടിയിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ 2018 ആഗസ്റ്റ് മാസംവരെയുള്ള കടങ്ങൾ പ്രസ്തുത കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ ബാങ്കുകളിലെ കടമാണ് ഇപ്പോഴുള്ളത്. കടാശ്വാസം ഒരു ലക്ഷം രൂപ മുതൽ രണ്ടു ലക്ഷം രൂപ വരെ ഉയർത്തുന്നതിനുള്ള ക്യാബിനറ്റ് അംഗീകരിച്ച ഭേദഗതി ബിൽ നിലവിൽ വരുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്. കാർഷിക സഹകരണ ബാങ്കുകൾക്കുപുറമെ മറ്റ് ബാങ്കുകളിലെ കടവും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(24) ജൂനിയർ ആർട്ടിസ്റ്റുകൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സിനിമയിൽ ജൂനിയർ ആർട്ടിസ്റ്റുകളെ എത്തിക്കുന്നവരെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട് നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് നിയമനിർമ്മാണം കൊണ്ടുവരുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുന്നതാണ്.

(25) നിയമനം സ്ഥിരപ്പെടുത്തൽ

ശ്രീ. ഡി. കെ. മുരളി: എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വിവിധ മേഖലകളിൽ താല്ക്കാലിക ജോലി ചെയ്യുന്ന പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

(26) റേഡിയോഗ്രാഫർ തസ്തിക

ശ്രീ. എസ്. ശർമ്മ: സർക്കാർ ആശുപത്രികളിൽ റേഡിയോഗ്രാഫർ തസ്തിക സൃഷ്ടിക്കുന്നതിനും അർഹമായ പ്രൊമോഷൻ സാധ്യതകൾ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഡിയോഗ്രാഫർ വിഭാഗത്തിൽ 15 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. റേഡിയോഗ്രാഫർ ടീച്ചിംഗ് തസ്തികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒഴിവുള്ള തസ്തിക നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. പ്രൊമോഷനുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാകുന്നമുറയ്ക്ക് പുതുക്കിയ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതാണ്.

(27) ട്രോമാകെയർ

ശ്രീ. റ്റി. വി. രാജേഷ്: പരിയാരം മെഡിക്കൽ കോളേജിൽ സമ്പൂർണ്ണ ട്രോമാകെയർ ആരംഭിക്കുന്നതിനും ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തതിനുശേഷം ആശുപത്രിയിലുണ്ടായിരുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ആശുപത്രി

വികസനവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാസ്റ്റർപ്ലാനിൽ ട്രോമാകെയർ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(28) സ്കൂൾ കൗൺസിലർമാരുടെ വേതനം

ശ്രീ. എ. എൻ. ഷംസീർ: കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സ്കൂൾ കൗൺസിലർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം 18,750/- രൂപയായി വർദ്ധിപ്പിക്കുകയും 5 വർഷത്തെ സേവനം പൂർത്തിയായവർക്ക് 1000/- രൂപ വീതം ഇൻസെന്റീവ് നൽകുകയും ചെയ്തിട്ടുണ്ട്.

(29) തസ്തിക ഉയർത്തൽ

ശ്രീ. കെ. ഡി. പ്രസേനൻ: ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നം അടുത്ത ശമ്പള

കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (30) ആശാവർക്കർമാർ

ശ്രീ. സി. കൃഷ്ണൻ: ആശാവർക്കർമാരുടെ ഓണറേറിയവും ഇൻസെന്റീവും വർദ്ധിപ്പിച്ച് കുടിശ്ശിക കൂടാതെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആശാവർക്കർമാരുടെ ഓണറേറിയം പ്രതിമാസം 8000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. തുക വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (31) സാമൂഹ്യാരോഗ്യ കേന്ദ്രം

ശ്രീ. എം. വിൻസെന്റ്: പുല്ലുവിള സി.എച്ച്.സി. ഉൾപ്പെടെയുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതിനും പൂവാർ സി.എച്ച്.സി.-യിൽ ഗൈനക്കോളജി വിഭാഗം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി

(<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സി.എച്ച്.സി.-കളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതാണ്. പുല്ലുവിള സി.എച്ച്.സി.-യിലെ രണ്ട് ഡോക്ടർമാർ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സ്റ്റേ വാങ്ങി അവധിയിൽ പോകുന്നരീതി തുടർന്നുവരികയാണ്. അനാസ്ഥ കാണിക്കുന്ന ഡോക്ടർമാർക്കെതിരെ നിയമനടപടി സ്വീകരിച്ച് പ്രശ്നം പരിഹരിക്കുന്നതാണ്.

(32) <u>കൊല്ലം ബൈപ്പാസിലെ അപകടങ്ങൾ</u>

<u>ശ്രീ. എം. നൗഷാദ്</u>: കൊല്ലം ബൈപ്പാസിൽ തെരുവ് വിളക്കുകളും ക്യാമറകളും സ്ഥാപിക്കുന്നതിനും ബൈപ്പാസ് നിരപ്പിന് സമാന്തരമായി ഉപറോഡുകൾ ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): കൊല്ലം ബൈപ്പാസുമായി ബന്ധപ്പെട്ട് 16 കോടി രൂപയുടെ പ്രൊപ്പോസൽ എൻ.എച്ച്.എ.ഐ.-യ്ക്ക് സമർപ്പിച്ചുവെങ്കിലും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ബൈപ്പാസുമായി ബന്ധപ്പെട്ട് 7 പ്രവൃത്തികൾ സംസ്ഥാന ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ റീച്ചുകളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് കെൽട്രോണിന് കരാർ നൽകുകയും സ്പീഡ് ലിമിറ്റ്

ബോർഡുകളും നോ-പാർക്കിംഗ് ആന്റ് നോ ഓവർടേക്കിംഗ് ബോർഡുകളും സർവൈലൻസ് ക്യാമറകളും സ്ഥാപിക്കുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(33) റോഡ് വികസനം

ശ്രീ. റോജി എം. ജോൺ: വേങ്ങൂർ-നായത്തോട് റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വേങ്ങൂർ-നായത്തോട് റോഡിന്റെ ആദ്യത്തെ ഒരു കിലോമീറ്ററിന്റെ പ്രവൃത്തി ആരംഭിക്കുകയും രണ്ടാമത്തെ ഒരു കിലോമീറ്റർ വികസനത്തിന് സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത മൂന്നര കിലോമീറ്റർ റോഡ് വികസന പ്രവൃത്തി ധനകാര്യ വകുപ്പുവഴി സ്പെഷ്യൽ പ്രോഗ്രാമായി കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(34) നാഷണൽ സ്കിൽ പാർക്ക്

ശ്രീ. എം. രാജഗോപാലൻ: കാസർഗോഡ് നാഷണൽ സ്കിൽ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): മികച്ച

തൊഴിൽ നൈപുണ്യ പരിശീലനത്തിനും ജോലി ലഭ്യതയ്ക്കുംവേണ്ടി ഉന്നത പരിശീലനത്തിനായുള്ള നാഷണൽ സ്കിൽ പാർക്ക് ആരംഭിക്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(35) ഐ.ടി.ഐ.

ശ്രീ. സി. ദിവാകരൻ: നെടുമങ്ങാട് മണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സ്ഥലമുൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ സൗജന്യമായി ലഭ്യമായാൽ സാധ്യതാപഠനം നടത്തി ഐ.ടി.ഐ. ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(36) വള്ളംകളി മത്സരം

ശ്രീ. എം. സ്വരാജ്: പൂത്തോട്ടയിൽ നടത്താനിരുന്ന വള്ളംകളി മത്സരം മാറ്റുന്ന വിവരം ജനപ്രതിനിധിയെ അറിയിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത മത്സരം ചമ്പക്കരയിൽ സംഘടിപ്പിക്കുന്നതിനും സർക്കാർ തയ്യാറാകണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി

(ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഐ.പി.എൽ. മാതൃകയിൽ ചാമ്പ്യൻസ് ബോട്ട്ലീഗ് എന്ന പേരിൽ വള്ളംകളി നടത്തുന്നതിന് നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പൂത്തോട്ടയിൽനിന്നും മാറ്റാൻ നിശ്ചയിച്ചത്. ഈ വർഷത്തെ മത്സരത്തിനുശേഷമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നിലവിലെ വേദികളിൽ അപര്യാപ്തത കണ്ടെത്തിയാൽ വേദികൾ മാറ്റുന്നതാണ്. വള്ളംകളി ചമ്പക്കരയിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (37) ടൂർ പാക്കേജ്

ശ്രീ. യു. ആർ. പ്രദീപ്: ചേലക്കരയിലെ കുത്താമ്പുള്ളി ടൂർ പാക്കേജിനെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ചേലക്കരയിലെ കുത്താമ്പുള്ളി ടൂർ പാക്കേജിനെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

## (38) സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ. എൻ. എ. ഖാദർ: മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനും പ്രതിമാസ ഇടക്കാലാശ്വാസം 2000/- രൂപ വീതം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ക്ഷേത്ര വരുമാനം അതാത് ക്ഷേത്രങ്ങളുടെ പേരിൽ അക്കൗണ്ട് ചെയ്യുന്നതിനും നിയമവ്യവസ്ഥയിൽ മാറ്റംവരുത്തി ക്ഷേത്രഭരണം ബോർഡിന്റെ നിയന്ത്രണത്തിലാക്കുന്നതിനും ഫണ്ട് പൂളിംഗ് ഉൾപ്പെടെ നടപ്പിലാക്കുന്നതിനും ആവശ്യമായ നിയമഭേദഗതി കൊണ്ടുവരുന്നതാണ്.

## (39) കുടിവെള്ള പദ്ധതി

ശ്രീമതി പി. അയിഷാ പോറ്റി: മൈലം ഗ്രാമപഞ്ചായത്തിലെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനും അറ്റകുറ്റപ്പണി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പുന:സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കാമെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

(40) യു. പി. സ്കൂളായി ഉയർത്തൽ

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി ഗവൺമെന്റ് എൽ.പി. സ്കൂളിനെ യു.പി. സ്കൂളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട കോടതി നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ കോഴിക്കോട് ജില്ലയിലെ കോതമംഗലം ഉൾപ്പെട്ടിട്ടില്ല.

(41) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം

ശ്രീ. വി. പി. സജീന്ദ്രൻ: അമ്പലമേട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ബി.പി.സി.എൽ. വാങ്ങിയ 5 ഏക്കർ സ്ഥലവും സ്കൂൾ കെട്ടിടവും അമ്പലമേട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനായി ഏറ്റെടുക്കാൻ അനുമതി നൽകുകയും തുടർനടപടികൾ  സ്വീകരിച്ചുവരികയുമാണ്.

(42) നവീകരണ പ്രവർത്തനങ്ങൾ

ശ്രീ. ബി. ഡി. ദേവസ്സി: പ്രളയംമൂലം നാശനഷ്ടമുണ്ടായ അതിരപ്പിള്ളി, വാഴച്ചാൽ മേഖലകളെ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട എം.എൽ.എ.-യെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്ന് നടപടികൾ വേഗത്തിലാക്കുന്നതാണ്.

(43) വനമേഖലയിലെ സർവ്വേ

ശ്രീ. സി. കെ. ശശീന്ദ്രൻ: മലയോര ഹൈവേയ്ക്കായി വനമേഖലയിലെ സർവ്വേ നടപടികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): പ്രസ്തുത സർവ്വേ നടപടികൾക്കായി വനം, പൊതുമരാമത്ത് വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(44) ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. അബ്ദുൽ ഹമീദ് പി.: വള്ളിക്കുന്നിൽ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഭൂമി ലഭ്യമാക്കുന്നമുറയ്ക്ക് ഈ വിഷയം പരിഗണിക്കുന്നതാണ്.

(45) കേബിൾ വലിക്കുന്നതിന് വാടക

ശ്രീ. മുരളി പെരുനെല്ലി: വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ വലിക്കുന്നതിനുള്ള വാടക കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ വലിക്കുന്നതിലെ വാടക കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): വാടക കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുകയും നിയമാനുസൃതം ഗഡുക്കൾ അനുവദിച്ചും കേബിൾ ഓപ്പറേറ്റേഴ്സിന്റെ ബാധ്യത പരിഹരിക്കുന്നതിനുള്ള സമീപനമാണ് വൈദ്യുതി ബോർഡ് സ്വീകരിക്കുന്നത്. ബോർഡിന് നഷ്ടമുണ്ടാകാത്തരീതിയിൽ നിയമാനുസൃതമായ സഹായം കേബിൾ ടി. വി. ഓപ്പറേറ്റർമാർക്ക് നൽകുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, ലിസ്റ്റ് 2 47 (2), ലിസ്റ്റ് 3 236(6) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

(1) XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അമ്പത്തിമൂന്ന് മുതൽ അറുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകളും പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകളും മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## VII ക്രമപ്രശ്നം

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ കൂടുതൽ പരിഗണിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: നക്ഷത്രചിഹ്നമിട്ട 4 സെറ്റ് ചോദ്യങ്ങളെങ്കിലും പ്രതിദിനം സഭ പരിഗണിക്കത്തക്കവിധത്തിൽ

ക്രമീകരണമുണ്ടാകണം. മന്ത്രിമാരുടെ മറുപടിയും ഉപചോദ്യങ്ങളും നീണ്ടുപോകുന്നതിനാൽ പ്രധാനപ്പെട്ട ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കാൻ കഴിയാത്ത അവസ്ഥയാണുണ്ടാകുന്നത്. ഇക്കാര്യത്തിൽ കൃത്യമായ റൂളിംഗ് നൽകണം.

(2) ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സഭയിൽ ഉന്നയിക്കുന്ന ചോദ്യങ്ങളിൽ പലതിനും മറുപടി ലഭ്യമാകാറില്ല. പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ 572 ചോദ്യങ്ങൾക്ക് മറുപടി ലഭിച്ചിട്ടില്ല. നിയമസഭ നടക്കുമ്പോൾ ഉത്തരത്തിന്മേൽ ചർച്ച ഉണ്ടാകാതിരിക്കാനാണ് 'വിവരം ശേഖരിച്ചുവരുന്നു' എന്ന മറുപടി നൽകുന്നത്. മറുപടികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതുസംബന്ധിച്ച് റൂളിംഗ് നൽകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഒന്നിലധികം വകുപ്പുകളിൽനിന്ന് വിവരം ശേഖരിക്കേണ്ടിവരുന്നതിനാൽ ചില അവസരങ്ങളിൽ കാലതാമസം നേരിടാറുണ്ടെങ്കിലും പരമാവധി ചോദ്യങ്ങൾക്ക് മറുപടി നൽകാനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ചോദ്യങ്ങൾക്ക് അടിയന്തരമായി മറുപടി നൽകാനാവശ്യമായ കർശന നിർദ്ദേശം നൽകുകയും മന:പ്പൂർവ്വം വീഴ്ചവരുത്തുന്ന

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്. വസ്തുതാപരമായി വിവരങ്ങൾ ശേഖരിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിനാലാണ് 'വിവരം ശേഖരിച്ചുവരുന്നു' എന്ന മറുപടി നൽകുന്നത്.

**റൂളിംഗ്**

മി. സ്പീക്കർ: നിയമസഭാ നടപടിക്രമങ്ങളുടെ കീഴ്‌വഴക്കം അനുസരിച്ച് 45 ഉപചോദ്യങ്ങൾ അംഗങ്ങൾക്ക് ചോദിക്കാവുന്നതാണ്. ഏതെങ്കിലും ഉപചോദ്യം മുഖ്യ ചോദ്യത്തിൽനിന്ന് വ്യതിചലിക്കുന്നുവെന്നോ ചോദ്യങ്ങളെ സംബന്ധിക്കുന്ന ചട്ടങ്ങളിൽ ഏതിനെയെങ്കിലും അതിലംഘിക്കുന്നുവെന്നോ ചെയറിന് ബോധ്യപ്പെട്ടാൽ അത് ക്രമത്തിലല്ലെന്ന് വിധിക്കാവുന്നതാണ്. 26-ാം ചട്ടപ്രകാരം ചോദ്യോത്തരവേളയിൽ മറ്റ് ചർച്ച അനുവദിക്കാൻ പാടില്ലാത്തതാണ്.

സഹകരിച്ച് ചോദ്യങ്ങൾ ചോദിക്കാനും ഉത്തരം പറയാനും കഴിഞ്ഞാൽ കൂടുതൽ ചോദ്യങ്ങൾ ഉൾപ്പെടുത്താൻ സാധിക്കും. ഇക്കാര്യം ആവർത്തിച്ച് പരാമർശിക്കുന്നത് ഇവിടെ ഉന്നയിച്ച വിഷയം നടപ്പിൽവരുത്തുന്നതിനും കൂടിയാണ്. സഭയുടെ അടുത്ത സമ്മേളനം മുതൽ ഇക്കാര്യത്തിൽ അംഗങ്ങളും മന്ത്രിമാരും ക്രിയാത്മകമായി സഹകരിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.

അതിനാവശ്യമായ നിർദ്ദേശം ചെയറിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്.

ചോദ്യങ്ങൾക്ക് മന്ത്രിമാർ യഥാസമയം മറുപടി നൽകുന്നില്ലെന്ന വാദം ശരിയല്ല. ഈ സമ്മേളനത്തിൽ 11 മന്ത്രിമാർ എല്ലാ ചോദ്യങ്ങൾക്കും ഉത്തരങ്ങൾ നൽകിയിട്ടുണ്ട്. ഭരണപരമായ താമസം കാരണമാണ് മറുപടി യഥാസമയം നൽകാൻ സാധിക്കാതിരുന്നതെന്നും അവ ഉടൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുകയും ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുകയും ചെയ്യണം.

## ശ്രീ. എം. ഉമ്മർ 02-07-2019-ന് ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

കിഫ്ബിയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ "ധനാഭ്യർത്ഥന നമ്പർ XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ" എന്ന ശീർഷകത്തിലാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിവരുന്നത്. കീഴ്‌വഴക്കമെന്ന നിലയിൽ സഭയിൽ അനുവർത്തിച്ചുവരുന്ന നടപടിക്രമപ്രകാരം മേൽപ്പറഞ്ഞ ധനാഭ്യർത്ഥനയുൾപ്പെടെ എട്ടോളം ധനാഭ്യർത്ഥനകൾ ചർച്ചയോ വോട്ടെടുപ്പോ കൂടാതെയാണ് പാസ്സാക്കുന്നത്. കിഫ്ബിപോലുള്ള സ്ഥാപനങ്ങളുടെ

ധനാഭ്യർത്ഥനകൾ വേണ്ടത്ര ചർച്ച കൂടാതെ പാസ്സാക്കുന്ന രീതി ശരിയായ നടപടിയല്ലാത്തതിനാൽ അടുത്ത വർഷം മുതൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ആശങ്കകൾ ഒഴിവാക്കുന്നതിനായി കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭാസമിതികൾക്ക് പരിശോധിക്കാൻ കഴിയത്തക്കവിധം നടപടികൾ ക്രമീകരിക്കേണ്ടതുണ്ട്. അതുവഴി എക്സിക്യൂട്ടീവിന് ലെജിസ്ലേച്ചറിനോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പാക്കാനും സാമ്പത്തികകാര്യങ്ങളിൽ ലെജിസ്ലേച്ചറിനുള്ള പരിശോധനാധികാരം സംരക്ഷിക്കാനും കഴിയും. അതിനാവശ്യമായ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## VIII ഗവൺമെന്റ് പ്രമേയം (ചട്ടം 118)

<u>ആൾക്കൂട്ട കൊലപാതകങ്ങൾ</u>

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: "മനുഷ്യത്വത്തിനെതിരായ നിഷ്ഠൂരമായ കുറ്റകൃത്യമാണ് ആൾക്കൂട്ട കൊലപാതകം. ആൾക്കൂട്ട കൊലപാതകത്തിന്റെ വലിയ ഒരു പ്രത്യേകത അത് നീതി നിർവ്വഹണാധികാരം ഒരു കൂട്ടമാളുകൾ നിയമവിരുദ്ധമായി കൈയേൽക്കുന്നു എന്നതാണ്. സമൂഹത്തിൽ അധീശാധികാരമുള്ള ഒരു വരേണ്യ വിഭാഗം

അവരുടെ താൽപ്പര്യ നിർവ്വഹണത്തിനായി വിയോജന നിലപാടുകളുള്ളവരെ ഉന്മൂലനം ചെയ്യാനുള്ള ഉപാധിയായി ഇതിനെ മാറ്റുന്നു. നീതിന്യായ വ്യവസ്ഥയിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിലും ആൾക്കൂട്ടങ്ങൾക്ക് നിയമം കൈയിലെടുക്കാനുള്ള അവകാശമില്ല.

ഇന്ത്യയിൽ പലയിടത്തും അടുത്തകാലത്ത് ആൾക്കൂട്ടം നിയമം കൈയിലെടുക്കുന്നതും തങ്ങൾക്ക് തോന്നുംപ്രകാരം നിയമവിരുദ്ധമായി തങ്ങളുടെ താൽപ്പര്യങ്ങൾ നിർബാധം നടത്തിയെടുക്കുന്നതും കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെട്ടുപോകുന്നതും നാം കാണുന്നു. ഇത് ഇന്ന് ആശങ്കാജനകമായ ഒരു തലത്തിലേയ്ക്ക് വളർന്നുനിൽക്കുന്നു.

തെറ്റുചെയ്യാത്തവരെ തെറ്റുചെയ്തവരെന്ന് മുദ്രയടിച്ച് കൊല്ലുന്ന സംഭവങ്ങൾ ആവർത്തിക്കാൻ അനുവദിച്ചാൽ ജനാധിപത്യ-നീതിന്യായ-ക്രമസമാധാന സംവിധാനങ്ങൾ സമ്പൂർണ്ണമായി തകരും. മനുഷ്യാവകാശങ്ങൾ മുതൽ പൗരാവകാശങ്ങൾ വരെ ഇല്ലാത്ത അതിപ്രാകൃതമായ ഒരു അന്ധകാര യുഗത്തിലേയ്ക്ക് നാം നിപതിക്കും.

ഇക്കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ദുർബലജനവിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് ന്യൂനപക്ഷത്തിനും ദളിത് വിഭാഗങ്ങൾക്കും ജീവിതം

സുരക്ഷിതമല്ലെന്ന് ആവർത്തിച്ച് ബോധ്യപ്പെടുത്തുംവിധമുള്ള നിരവധി സംഭവങ്ങളുണ്ടായി. എല്ലാവരെയും ഉൾക്കൊണ്ടുപോകുക എന്നതിനുപകരം വൈവിധ്യങ്ങളെ അടിച്ചമർത്തി മുമ്പോട്ടുപോകുകയെന്ന പ്രവണത വർദ്ധിച്ചുവരികയാണ്.

ഇരുപത്തിരണ്ടുകാരനായ തബ്രേസ് അൻസാരിയെ മോഷണക്കുറ്റം ആരോപിച്ച് ആൾക്കൂട്ടം തല്ലിക്കൊല്ലുന്നതാണ് ഈയടുത്തിടെ ജാർഖണ്ഡിൽ കണ്ടത്. തബ്രേസ് അൻസാരിയെ 'മറ്റൊരു മതത്തിന്റെ ആരാധനാമൂർത്തിക്ക് ജയ്' എന്നുവിളിക്കാൻ നിർബന്ധിക്കുകയും ഓരോ പ്രാവശ്യം വിളിച്ചുകഴിയുമ്പോഴും വീണ്ടും വിളിക്കാനായി പൊതിരെ തല്ലുകയും ചെയ്യുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു. മൂന്നുവർഷത്തിനിടയിൽ ജാർഖണ്ഡിൽ മാത്രമുണ്ടായിട്ടുള്ള 18-ാമത്തെ ആൾക്കൂട്ട കൊലയാണ് തബ്രേസ് അൻസാരിയുടേത്.

2014-നുശേഷം ആൾക്കൂട്ട കൊലപാതകം മുമ്പത്തേതിനേക്കാൾ നാലിരട്ടി വർദ്ധിച്ചുവെന്നാണ് കണക്ക്. അവയിൽ ഭൂരിഭാഗവും ഗോരക്ഷകർ എന്നവകാശപ്പെടുന്നവർ നടത്തിയിട്ടുള്ളതാണ്. ഇത്തരം കുറ്റകൃത്യങ്ങൾ 2010-ൽ അഞ്ചുശതമാനമായിരുന്നത് 2017 ആകുമ്പോഴേയ്ക്കും 20 ശതമാനമായി ഉയർന്നു.

പശു സംരക്ഷണവുമായി ബന്ധപ്പെട്ട് ആ വർഷങ്ങളിൽ കൊല്ലപ്പെട്ടത് 25 പേരാണ്.

ഉത്തർപ്രദേശിലെ ദാദ്രിയിൽ മാട്ടിറച്ചി കഴിക്കുകയും വീട്ടിൽ സൂക്ഷിക്കുകയും ചെയ്തുവെന്ന് ആരോപിച്ചാണ് അമ്പതുവയസ്സുകാരനായ മുഹമ്മദ് അഖ്‌ലാഖിനെ വീട്ടിൽ കയറി മർദ്ദിച്ചുകൊലപ്പെടുത്തിയത്. 2014-നുശേഷം വ്യാപകമായ ആൾക്കൂട്ട കൊലപാതക പരമ്പരയുടെ തുടക്കം അവിടെയായിരുന്നു.

അഖ്‌ലാഖിനെ വധിച്ച കേസിലെ പ്രതി ജയിലിൽ മരിച്ചപ്പോൾ മൃതദേഹത്തെ ദേശീയപതാക പുതപ്പിച്ചത് രാജ്യം ഞെട്ടലോടെയാണ് കണ്ടത്. അതേസമയം അഖ്‌ലാഖിന്റെ കുടുംബാംഗങ്ങൾക്കെതിരെ മാട്ടിറച്ചി വീട്ടിൽ സൂക്ഷിച്ചുവെന്ന വ്യാജകുറ്റം ചുമത്തി കേസെടുക്കുകയും അഖ്‌ലാഖിനെ ആക്രമിച്ച 15 പേർക്ക് എൻ.ടി.പി.സി.യിൽ തൊഴിൽ നൽകുകയും ചെയ്തു. ആൾക്കൂട്ട കൊലപാതകങ്ങൾക്ക് ഉത്തരവാദിയായവർ ശിക്ഷിക്കപ്പെടുന്നില്ല എന്നു മാത്രമല്ല, അവർക്ക് അധികാരസ്ഥാനങ്ങളിൽനിന്ന് പ്രോത്സാഹനം ലഭിക്കുന്നു എന്നാണ് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നത്.

പെഹ്‌ലൂഖാന്റെ കേസിൽ - ജയ്‌പൂർ മേളയിൽനിന്ന് പശുക്കളെ

വാങ്ങിയതിന്റെ രസീത് ഉണ്ടായിരുന്നിട്ടുകൂടി - അദ്ദേഹത്തിന്റെ സഹോദരനും സുഹൃത്തുക്കൾക്കുമെതിരെ അനധികൃതമായി പശുവിനെ കടത്തിയെന്ന കേസാണ് രജിസ്റ്റർ ചെയ്തത്. അദ്ദേഹത്തെ കൊന്ന പ്രതികൾ മുഴുവൻ രാജസ്ഥാനിൽ കുറ്റവിമുക്തരാക്കപ്പെടുകയും ചെയ്തു.

ന്യൂനപക്ഷങ്ങൾക്കും ദളിതർക്കും ആദിവാസികൾക്കുമെതിരെ തങ്ങൾക്കുള്ള അധികാരം വ്യക്തമാക്കാനും പൊതുസമൂഹത്തിൽ അവർക്ക് സ്ഥാനമില്ലായെന്ന് ഉറപ്പിക്കാനുമുള്ള സങ്കുചിത-വർഗ്ഗീയ ശക്തികളുടെ ഉപാധിയാണ് ആൾക്കൂട്ട കൊലകൾ എന്നാണ് ഇതിൽ നിന്നൊക്കെ മനസ്സിലാക്കേണ്ടത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സദാചാര കൊലപാതകങ്ങളും ദുരഭിമാനഹത്യയും നടക്കുന്നത് ഈ ദുരവസ്ഥയുടെ തീവ്രത വർദ്ധിപ്പിക്കുന്നു.

ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന വിധത്തിൽ നിയമം കൈയിലെടുക്കുന്ന നടപടി ഉൽക്കണ്ഠ ഉളവാക്കുന്നു എന്നുപറഞ്ഞുകൊണ്ട് സുപ്രീംകോടതി തന്നെ കേന്ദ്ര സർക്കാരിനും ഉത്തർപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ഹരിയാന, മഹാരാഷ്ട്ര, കർണാടക എന്നീ സംസ്ഥാനങ്ങൾക്കും നോട്ടീസ് അയച്ചിരുന്നു. മറ്റു നിയമവിരുദ്ധ സംഘടനകളെ പോലെ ഗോരക്ഷാ

സംഘങ്ങളെ എന്തുകൊണ്ട് നിരോധിച്ചുകൂടാ എന്നാണ് സുപ്രീംകോടതി ആരാഞ്ഞത്.

അധികാരത്തിന്റെയും പണത്തിന്റെയും പിൻബലമുണ്ടെങ്കിൽ നിയമം കൈയിലെടുക്കാമെന്നും ആരെയും എന്തും ചെയ്യാമെന്നുമുള്ള ചിന്ത രാജ്യത്ത് വളരുന്നത് രാഷ്ട്രസുരക്ഷയ്ക്കുതന്നെ ഭീഷണിയാണ്. ഇന്ത്യയുടെ വൈവിധ്യവും അഖണ്ഡതയും സംരക്ഷിക്കാനും ഓരോ ഇന്ത്യക്കാരന്റെയും സുരക്ഷിതത്വം ഉറപ്പുവരുത്താനും ആൾക്കൂട്ട കൊലപാതകങ്ങൾ നിർമ്മാർജനം ചെയ്യേണ്ടതുണ്ട്. എല്ലാ മനുഷ്യരുമൊന്നാണ് എന്ന ചിന്ത പരക്കെ ഊട്ടിയുറപ്പിച്ചുകൊണ്ട് മാത്രമേ വർഗ്ഗീയ വിദ്വേഷത്തെയും അത് സൃഷ്ടിക്കുന്ന ആൾക്കൂട്ട കൊലപാതകങ്ങളെയും ഇല്ലാതാക്കാനാകൂ.

'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനം' ചൂണ്ടിക്കാട്ടിത്തന്ന ഗുരുവിന്റെ നാടായ കേരളത്തിന് ഇന്ത്യയ്ക്കാകെ മനുഷ്യത്വത്തിന്റേതായ, വിവേകത്തിന്റേതായ, സ്നേഹ സാഹോദര്യങ്ങളുടേതായ വഴി പറഞ്ഞുകൊടുക്കാൻ പ്രത്യേകമായ ഉത്തരവാദിത്വമുണ്ട്. എല്ലാവരും ആത്മസഹോദരർ എന്ന സന്ദേശം മനുഷ്യരാശിക്ക് നൽകിയ നാടാണിത്. ആ സന്ദേശം ഉൾക്കൊള്ളുന്ന ഒരാൾക്കും

ആൾക്കൂട്ട കൊലപാതകം പോലെയുള്ളവയ്ക്കെതിരെ ചിന്തയുടെയും കർമ്മത്തിന്റെയും രംഗത്ത് ഇറങ്ങാതിരിക്കാനാകില്ല. ഫാസിസത്തിന്റെ കരിനിഴലുകൾ നമ്മുടെ ജനാധിപത്യ സമൂഹത്തിൽ വീഴുന്നതിന്റെ ലക്ഷണങ്ങൾക്കെതിരെ പ്രതികരിക്കാതിരിക്കാൻ നമുക്ക് കഴിയില്ല.

ആൾക്കൂട്ട കൊലപാതകം എന്ന മനുഷ്യത്വവിരുദ്ധമായ നിഷ്ഠൂരതയ്ക്കെതിരെ ഈ സഭ ഏകകണ്ഠമായി പ്രതിഷേധിക്കുന്നു. ഈ പ്രാകൃതത്വം അവസാനിപ്പിക്കണമെന്ന് ശക്തമായ ഭാഷയിൽ ആവശ്യപ്പെടുകയും ചെയ്യുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

ആൾക്കൂട്ട കൊലപാതകങ്ങളും മൗലികാവകാശ ധ്വംസനങ്ങളും രാജ്യത്തിന്റെ മതേതരത്വത്തിനും അഖണ്ഡതയ്ക്കും ക്ഷതമേൽപ്പിക്കുമെന്നതിനാൽ ഇത്തരം പ്രവണതകൾക്കെതിരെ ആശയപരവും നിയമപരവുമായ നടപടികൾ ഉണ്ടാകുന്നതിനായി കേരളത്തിലെ ജനങ്ങളും നിയമസഭയും ഒറ്റക്കെട്ടായി നിൽക്കണം.

ശ്രീ. കെ. സി. ജോസഫ്: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയിൽ,

" ഈ സഭ ഏകകണ്ഠമായി പ്രതിഷേധിക്കുന്നു" എന്ന ഭാഗം

"നടപടികൾ സ്വീകരിക്കാനോ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാനോ കേന്ദ്ര ഗവൺമെന്റും ബി.ജെ.പി. ഭരിക്കുന്ന പല സംസ്ഥാന ഗവൺമെന്റുകളും തയ്യാറാകാത്തതിനെ ഈ സഭ അപലപിക്കുന്നു" എന്ന് മാറ്റുക.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

മൂന്നാം ഖണ്ഡികയിൽ,

" തെറ്റ് ചെയ്യാത്തവരെ " എന്നതിന് പകരം "നിരപരാധികളെ " എന്ന് ചേർക്കുക.

പതിമൂന്നാം ഖണ്ഡികയിൽ,

" സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനം" എന്നതിനുശേഷം "എന്ന ലോകോത്തര സന്ദേശം നൽകിയ ശ്രീനാരായണ ഗുരുവിന്റെ മണ്ണിൽ ദുരഭിമാനക്കൊല ഉണ്ടാകുന്നതും ദുഃഖകരമാണ് " എന്ന് കൂടി ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്:</u> താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

പതിമൂന്നാം ഖണ്ഡികയിൽ,

" ഗുരുവിന്റെ " എന്നതിനുപകരം " ശ്രീനാരായണ ഗുരുവിന്റെ" എന്നു ചേർക്കുക.

" നാടായ " എന്നതിനുശേഷം " കേരളത്തിലും ഇത്തരം ഒരു സംഭവം ഉണ്ടായത് നമുക്ക് അഭിമാനിക്കാൻ കഴിയുന്നതല്ല. " എന്ന് കൂടി ചേർക്കുക.

<u>ഡോ. എം. കെ. മുനീർ</u>: പ്രമേയത്തിന്റെ അവസാന ഭാഗത്ത് "ശക്തമായ ഭാഷയിൽ ആവശ്യപ്പെടുകയും ചെയ്യുന്നു " എന്നതിനോടൊപ്പം "കേന്ദ്രം ഇതുസംബന്ധിച്ച നിയമനിർമ്മാണം എത്രയും പെട്ടെന്ന് ഉണ്ടാക്കണം" എന്നതുകൂടി ഒരു ആവശ്യമായി ഉന്നയിക്കണം.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

2. മൂന്നാം ഖണ്ഡികയിൽ,

" തെറ്റ് ചെയ്യാത്തവരെ " എന്നതിന് പകരം "നിരപരാധികളെ " എന്ന് ചേർക്കുക.

4. " ഗുരുവിന്റെ " എന്നതിനുപകരം " ശ്രീനാരായണ ഗുരുവിന്റെ" എന്നു ചേർക്കുക.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

## IX നിയമനിർമ്മാണകാര്യം

### (1) 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ

സർക്കാരിന് സാധിച്ചു. കിഫ്ബിവഴി നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളോട് സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നികുതി പിരിവ് ഊർജ്ജിതപ്പെടുത്തണം. കിഫ്ബി പദ്ധതികളുടെ പ്രവർത്തനവിജയത്തിന് ഭരണ-പ്രതിപക്ഷം ഒറ്റക്കെട്ടായി നിൽക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കടുത്തുരുത്തി മണ്ഡലത്തിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളിലെ അനിശ്ചിതത്വം പരിഹരിക്കണം. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെ പ്രതിസന്ധി അവസാനിപ്പിക്കുന്നതിനും മുൻ പദ്ധതിയുടെ ആനുകൂല്യം തുടർന്നും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കിഫ്ബി ധനസമാഹരണത്തിലൂടെ പഴക്കമുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനും നിരവധി പദ്ധതികൾക്ക് തറക്കല്ലിടുന്നതിനും സാധിച്ചിട്ടുണ്ട്. ആരോഗ്യമേഖലയുടെ വികസനം മുൻനിർത്തി പദ്ധതികൾ നടപ്പാക്കുന്നതിനും ഓഖി പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും

നടപടി സ്വീകരിച്ചിട്ടുണ്ട്. കടൽത്തീര സംരക്ഷണത്തിന് അധിക തുക വകയിരുത്തുന്നതിനും അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഡോ. എം. കെ. മുനീർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പ്രമുഖ പദ്ധതികൾ പ്രഖ്യാപിക്കുകയല്ലാതെ യാഥാർത്ഥ്യമാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. കിഫ്ബിയിലൂടെയുള്ള ധനവിനിയോഗം സുഗമമാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: കിഫ്ബിയിലൂടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്. കാരുണ്യ പദ്ധതിയുടെ തുക വർദ്ധിപ്പിച്ച് പഴയ രീതിയിൽ തുടരുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. മാത്യു ടി. തോമസ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസന പരിപ്രേക്ഷ്യത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും നീർത്തടാധിഷ്ഠിത വികസനത്തെയും മലകളെയും പ്രകൃതിയെയും നിലനിർത്തിക്കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും ആലോചിക്കണം. ഓഖി ദുരന്തമുൾപ്പെടെയുള്ള കാര്യങ്ങളിലെ സർക്കാരിന്റെ

പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്.

## X അറിയിപ്പ്

### <u>ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഉച്ചയ്ക്കുശേഷം 1.00 മുതൽ 2.00 മണിവരെ 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണിച്ച് വോട്ടിനിടേണ്ടതുണ്ട്. എന്നാൽ ചർച്ച പൂർത്തിയാകാത്ത സാഹചര്യത്തിൽ സഭയുടെ അനുമതിയോടെ ചർച്ച തുടരുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റവും ആയിരം ദിവസം പിന്നിടുമ്പോൾ ഒരു ലക്ഷം പേർക്ക് നിയമനം നൽകിയതും കിഫ്ബിയിലൂടെയുള്ള വികസനപ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. പ്രളയത്തിൽ തകർന്ന വൈദ്യുതി മേഖലയെ യുദ്ധകാലാടിസ്ഥാനത്തിൽ പുന:സ്ഥാപിക്കാൻ പ്രയത്നിച്ച വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും വിനോദസഞ്ചാര മേഖലയെ സംരക്ഷിക്കുന്നതിനും വന്യജീവികളുടെ ആക്രമണം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അൻവർ സാദത്ത്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പ്രളയത്തിൽ വീട്ടുപകരണങ്ങൾ നശിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും നിർത്തിവച്ച കാരുണ്യ ബെനവലന്റ് പദ്ധതി പുന:പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം. സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനും കേബിൾ ടി. വി. ഓപ്പറേറ്റർമാരുടെ പ്രശ്നത്തിന് പരിഹാരം കാണുന്നതിനും സർക്കാർ തയ്യാറാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പുതിയ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത 3 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്കും ചികിത്സാ സൗകര്യം ലഭിക്കുന്നതാണ്. ഹീമോഫീലിയ രോഗികൾക്ക് പ്രത്യേക ഉത്തരവിലൂടെ ആനുകൂല്യങ്ങൾ നൽകുന്നതാണ്. പുതിയ കാരുണ്യ പദ്ധതി നിലവിൽ വന്നതിനുശേഷം അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതാണ്. കിഫ്ബിയുമായി ബന്ധപ്പെട്ട റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിൽ ആക്ഷേപമുണ്ടെങ്കിൽ കിഫ്ബിയുടെ പ്രതിനിധികളുമായും എം.എൽ.എ.മാരുമായും ചർച്ച ചെയ്ത് വ്യക്തത വരുത്തുന്നതാണ്. കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ

നിർമ്മാണത്തിന് നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കി ഉയർത്തുന്ന കാര്യം പരിഗണനയിലില്ലെങ്കിലും ഇതുമായി ബന്ധപ്പെട്ട ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതാണ്. പ്രളയത്തിൽ വീട്ടുപകരണങ്ങളും മറ്റും നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ വഴി പലിശരഹിത വായ്പ അനുവദിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള പ്രളയബാധിത മേഖലകളിലെ ചെറുകിട വ്യാപാരികൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. അംഗങ്ങളല്ലാത്തവരുടെ കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. ഹെൽത്ത് കാർഡുള്ളവർക്ക് അക്രെഡിറ്റഡ് ആശുപത്രികളിൽ ചികിത്സ ലഭിക്കുന്നതാണ്. അതിനുള്ള തുകയ്ക്കായി ആശുപത്രികൾ ഇൻഷ്വറൻസ് കമ്പനിയെ സമീപിക്കേണ്ടതാണ്. ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 28-നെതിരെ 75 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

## XI ക്രമപ്രശ്നം

### 2019-ലെ കേരള ധനകാര്യ ബില്ലിൽ സെക്ഷൻ 33 (എ) ഒഴിവാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എൻ. എ. ഖാദർ: കേരള ധനകാര്യ ബില്ലിൽ സെക്ഷൻ 4 (3) പ്രകാരം കേരള സ്റ്റാമ്പ് ആക്ടിൽ 33(എ) എന്ന വകുപ്പ് കൂട്ടിച്ചേർക്കുന്ന ഭേദഗതി 1908-ലെ രജിസ്ട്രേഷൻ ആക്ടിന്റെ സെക്ഷൻ 60, 61 എന്നിവയുടെ ലംഘനമായതിനാൽ പ്രസ്തുത ഭേദഗതി പിൻവലിക്കേണ്ടതാണ്. സ്റ്റാമ്പ് ആക്ടിലെ സെക്ഷൻ 45 (എ) പ്രകാരം രജിസ്ട്രേഷന് ഹാജരാക്കപ്പെട്ട ഡോക്യുമെന്റിന് അപാകതയുണ്ടോയെന്ന് പരിശോധിക്കേണ്ടത് രജിസ്റ്ററിംഗ് ഓഫീസറാണ്. പ്രസ്തുത ഭേദഗതി വരുന്നതോടെ രജിസ്റ്റർ ചെയ്ത ഡോക്യുമെന്റുകളിൽ ഉദ്യോഗസ്ഥർ സംശയമുന്നയിക്കുന്നപക്ഷം അവ ഹാജരാക്കിയില്ലെങ്കിൽ ട്രൂ കോപ്പി ഒറിജിനൽ കോപ്പിയായി പരിഗണിച്ച് രജിസ്റ്ററിംഗ് അതോറിറ്റിതന്നെ ആധാരം കൈവശപ്പെടുത്തുന്ന സാഹചര്യമാണ്

ഉണ്ടാകുന്നത്. ആക്ഷേപമുള്ളപക്ഷം ഹിയറിംഗ് നടത്തുന്നത് അതേ രജിസ്റ്ററിംഗ് അതോറിറ്റി ആണെന്നിരിക്കെ പ്രസ്തുത വകുപ്പ് അഴിമതിക്ക് വഴിവയ്ക്കുന്ന ഒന്നായി മാറാൻ സാദ്ധ്യതയുള്ളതിനാലും ഇതിന് മുൻകാല പ്രാബല്യം നൽകുമ്പോൾ ഭൂമിയുടെ ന്യായവില പോലുള്ള കാര്യങ്ങൾ ഉൾപ്പെടുന്നതിനാലും 33(എ) വകുപ്പ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മതിയായ മുദ്രവില പതിപ്പിക്കാതെ ഏതെങ്കിലും ഡോക്യുമെന്റ് തെറ്റായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ഡോക്യുമെന്റ് കക്ഷിയിൽനിന്നും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ആവശ്യപ്പെടാവുന്നതും inbound ചെയ്യാവുന്നതും കുറവായ സ്റ്റാമ്പ് ഡ്യൂട്ടി എത്രയെന്ന് കളക്ടർക്ക് അയച്ചുകൊടുക്കാവുന്നതുമാണ്. 1908-ലെ രജിസ്ട്രേഷൻ ആക്ടിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ, രജിസ്റ്റർ ചെയ്യുന്ന ഫീസ് മുതലായവ സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്യുന്നത്. 1959-ലെ കേരള മുദ്രപ്പത്ര ആക്ടിലെ 33-ാം വകുപ്പ് പ്രകാരം ഒരു പബ്ലിക് ഓഫീസിന്റെ ചുമതലയുള്ള പോലീസ് ഓഫീസർ ഒഴികെയുള്ള ഏതൊരു ഉദ്യോഗസ്ഥനും അദ്ദേഹത്തിന് മുൻപിൽ വരുന്ന മതിയായ സ്റ്റാമ്പ് ഡ്യൂട്ടി പതിപ്പിക്കാത്ത ഏത് ഡോക്യുമെന്റും inbound

ചെയ്യുന്നതിനുള്ള വ്യവസ്ഥ ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഈ വ്യവസ്ഥ നിലനിർത്തിക്കൊണ്ടുതന്നെ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് മതിയായ സ്റ്റാമ്പ് ഡ്യൂട്ടി നൽകാതെ രജിസ്റ്റർ ചെയ്ത ആധാരം വിളിച്ചുവരുത്തുന്നതിനുള്ള അധികാരമാണ് ഭേദഗതിയിലൂടെ നൽകുന്നത്. 1959-ലെ കേരള മുദ്രപ്പത്ര ആക്ട് 33 (എ) ആയി ചേർക്കുന്ന വ്യവസ്ഥ 1908-ലെ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല.

**റൂളിംഗ്**

മി. സ്പീക്കർ: ക്രമപ്രശ്നത്തിലുന്നയിച്ച വിഷയം നിലവിലുള്ള കേന്ദ്ര നിയമത്തിന് എതിരോ സഭയുടെ നിയമനിർമ്മാണ അധികാരത്തിന്റെ ലംഘനമോ അല്ലെന്ന് നിയമോപദേശം ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഡോ. എൻ. ജയരാജ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിത്യോപയോഗ സാധനങ്ങളുടെമേൽ പ്രളയസെസ് ഏർപ്പെടുത്തിയത് പുനഃപരിശോധിക്കണം. പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് 2005-ലെ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിലേയും മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സുമായി ബന്ധപ്പെട്ട ആക്ടിലേയും ഗൈഡ് ലൈനുകളിലെ അപാകത പരിഹരിച്ച് കേന്ദ്ര-സംസ്ഥാന

സർക്കാരുകളുടെ ദുരന്തനിവാരണ ഫണ്ടുകൾ ദുരന്തബാധിതരുടെ പുനരധിവാസത്തിനുവേണ്ടി വിനിയോഗിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. വാറ്റ്, ലക്ഷ്വറി ടാക്സ് തുടങ്ങിയവയുടെ നികുതിയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കിയത് പൊതുവിൽപ്പന നികുതിക്കുകൂടി ബാധകമാക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം. കാരുണ്യ ചികിത്സാ പദ്ധതി സംബന്ധിച്ച ആശങ്കകൾ ഒഴിവാക്കാനും അടിയന്തരമായി സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ അനുവദിക്കുന്ന തുക വകുപ്പുകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണം.

ശ്രീ. വി. ഡി. സതീശൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പ്രളയബാധിത പ്രദേശങ്ങളിലെ ഇക്കണോമിക് ആക്റ്റിവിറ്റി പൂർണ്ണമായും തകർന്നിരിക്കുകയാണ്. പ്രളയ സെസ് പിൻവലിച്ച് ഇക്കണോമിയെ സ്റ്റെബിലൈസ് ചെയ്യുന്ന സ്റ്റിമുലേഷൻ പാക്കേജുകൾക്ക് രൂപം നൽകണം. അനാവശ്യ ധൂർത്തുകൾ ഒഴിവാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കുന്നത് അവസാനിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. സെപ്റ്റേജ് ആൻഡ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ

ഡി.പി.ആർ. തയ്യാറാക്കാൻ റാം ബയോളജിക്കൽസിനെ നിശ്ചയിച്ചത് പുന:പരിശോധിക്കണം. തെറ്റായ വഴിയിലൂടെയാണ് ശുചിത്വ മിഷനിലേയ്ക്ക് ഈ കമ്പനിയെ എംപാനൽ ചെയ്തിരിക്കുന്നത്. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാത്ത സ്ഥലങ്ങളിൽ ഡി.പി.ആർ. കൊടുത്തതിലെ താല്പര്യം എന്താണെന്നും ആരുടെ ശിപാർശയനുസരിച്ചാണ് നഗരസഭാ സെക്രട്ടറിമാർ ഇത് കൊടുക്കാൻ തീരുമാനിച്ചതെന്നും ഡി.പി.ആർ. ഇംപ്ലിമെന്റ് ചെയ്യാതെ മുൻകൂറായി പണം കൊടുക്കണമെന്ന് നിർദ്ദേശിച്ചതെന്താണെന്നും അന്വേഷിക്കണം.

<u>ശ്രീ. എം. ഉമ്മർ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വൺ ടൈം സെറ്റിൽമെന്റിലൂടെ കഴിഞ്ഞ മൂന്നുവർഷംകൊണ്ട് 56,428 കേസുകളിൽ നിന്നും വെറും 11,20,02,000 രൂപ മാത്രമാണ് പിരിച്ചെടുക്കാൻ സാധിച്ചത്. രജിസ്ട്രേഷൻ ആക്ടിലെ ഡോക്യുമെന്റ് റദ്ദാക്കുന്നതിന് പ്രസ്തുത ആക്ടിൽ ഭേദഗതി വരുത്തുന്നതിനുപകരം സ്റ്റാമ്പ് ആക്ടിൽ ഭേദഗതി കൊണ്ടുവന്നാൽ അത് നിലനിൽക്കില്ല. ഫെയർവാല്യൂ നിശ്ചയിക്കുന്നതടക്കം വകുപ്പുകൾ ചെയ്യേണ്ട കാര്യങ്ങൾ നിർവ്വഹിക്കാതെ ഭൂമി വാങ്ങുന്നയാളിൽ നിന്നും വർഷങ്ങൾക്കുശേഷം മുദ്രവില ഈടാക്കുന്നത് തെറ്റായ നടപടിയാണ്. ബില്ലിലെ 33 എ ഉപവകുപ്പ് ഒഴിവാക്കി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തുക ഈടാക്കുന്നതിന് സംവിധാനമുണ്ടാകണം. വിനോദനികുതി പത്ത് ശതമാനം വർദ്ധിപ്പിച്ചതും ഇരട്ട

നികുതി ചുമത്തലും നിയമപരമായി നിലനിൽക്കുന്നതല്ല. സംസ്ഥാന ട്രാൻസ്പോർട്ട് ഉടമസ്ഥതയിലുള്ള വാഹനങ്ങൾക്ക് മാത്രം സർചാർജ്ജ് ഒഴിവാക്കിയ നടപടി ഏകപക്ഷീയമാണ്. കേരള മണിലെൻഡേഴ്സ് ആക്ടുമായി ബന്ധപ്പെട്ട് പ്രോസസ്സിംഗ് ചാർജ് വർദ്ധിപ്പിച്ച നടപടി ഒഴിവാക്കണം. പ്രളയസെസ് ചുമത്തുന്നതിൽനിന്നും സർക്കാർ പിന്മാറണം. ആളോഹരി കടബാധ്യത ഇരട്ടിയോളമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ കടങ്ങൾ തീർക്കുന്നതിനുള്ള വഴികൂടി കണ്ടെത്താൻ ശ്രമിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ പൊതുകടവും ആളോഹരി കടബാധ്യതയും വർദ്ധിച്ചിരിക്കുകയാണ്. നവകേരള സൃഷ്ടിക്കുവേണ്ടി 25 ഇന പദ്ധതികൾ പ്രഖ്യാപിച്ചതല്ലാതെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ധനകാര്യ വകുപ്പിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പ്രളയാനന്തര ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ധനകാര്യ ബില്ലിലൂടെ 1785 കോടി രൂപയുടെ അധികഭാരമാണ് സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്നത്. ഒരു ശതമാനം പ്രളയസെസ് ഏർപ്പെടുത്താനുള്ള തീരുമാനം പിൻവലിക്കണം. കേന്ദ്ര പദ്ധതികൾ സമയബന്ധിതമായി

നടപ്പിലാക്കാനും അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. അനിൽ അക്കര: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വിനോദനികുതിയിലൂടെ ലഭിക്കുന്ന തുകയും ജി. എസ്. ടി. ഇനത്തിൽ അധികമായി ലഭിച്ച തുകയും പഞ്ചായത്തുകൾക്ക് നൽകുന്നതിനും സിനിമാ ടിക്കറ്റുകൾക്ക് 10 ശതമാനം അധിക നികുതി ഏർപ്പെടുത്താനുള്ള തീരുമാനം പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം. ഫണ്ടിന്റെ അപര്യാപ്തതമൂലം പഞ്ചായത്തുകൾക്ക് ഒരു പദ്ധതിയും ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സിനിമാ ടിക്കറ്റുകൾക്ക് 10 ശതമാനം വിനോദനികുതി ഏർപ്പെടുത്താനുള്ള തീരുമാനം പിൻവലിക്കണം. മസാല ബോണ്ട്, കിഫ്ബി എന്നിവയുടെ നിയമസാധുതയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് നിയമവകുപ്പ് മറുപടി നൽകാത്തത് നിയമസഭയോടുള്ള അനാദരവാണ്. മോട്ടോർ വെഹിക്കിൾ ടാക്സ് കിഫ്ബിയിലേയ്ക്ക് കൊണ്ടുവരികയും ടാക്സ് റവന്യൂ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും നിരവധി വികസന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. എല്ലാവർക്കും ഭൂമിയും ഭവനവും എന്ന കാഴ്ചപ്പാടാണ് ഈ സർക്കാരിനുള്ളത്. പ്രളയബാധിത പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം നൽകിയതും സ്ത്രീകൾക്കായുള്ള പദ്ധതികൾക്ക് തുക അനുവദിച്ചതും മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യ പരിരക്ഷ ഏർപ്പെടുത്തിയതും ശ്രദ്ധേയമാണ്. തീരദേശ വികസനത്തിനും രണ്ടാം കുട്ടനാട് പാക്കേജിനും ശബരിമല വികസനത്തിനും കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിനും കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സമാന്തര റെയിൽപ്പാതയ്ക്കും വ്യവസായ പാർക്കുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനും 20,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ ആവിഷ്കരിച്ചതും ശ്ലാഘനീയമാണ്. കേരള ബാങ്ക് 2019-20 സാമ്പത്തിക വർഷം യാഥാർത്ഥ്യമാകുന്നതാണ്. എല്ലാ മേഖലകളിലും മെച്ചപ്പെട്ട വികസനപ്രവർത്തനങ്ങൾക്കാണ് സർക്കാർ നേതൃത്വം നൽകുന്നത്.

ശ്രീമതി ഗീതാ ഗോപിക്കുവേണ്ടി <u>ശ്രീ. ഇ. കെ. വിജയൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

അഞ്ചുവർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലെത്തിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ അഭിനന്ദനാർഹമാണ്. കേരളത്തിന്റെ പുനർനിർമ്മാണ പ്രക്രിയയിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സഹകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ബില്ലുമായി ബന്ധപ്പെട്ട എല്ലാ വിമർശനങ്ങളെയും സ്വാഗതം ചെയ്യുന്നു. ഡെഫിസിറ്റ് ഫിനാൻസിംഗിലൂടെ ഗ്രോത്ത് വർദ്ധിച്ചാൽ മാത്രമെ വരുമാനം നിലനിർത്താൻ സാധിക്കുകയുള്ളൂ. Fiscal Responsibility and Budget Management Act-ന്റെ പരിധിയിൽനിന്നുകൊണ്ട് സ്റ്റിമുലസ് പാക്കേജ് നടപ്പാക്കണമെങ്കിൽ ബഡ്ജറ്റിനുള്ളിൽ ഫിസ്കൽ കൺസോളിഡേഷനുള്ള ശ്രമം നടത്തേണ്ടതാണ്. അതുകൊണ്ടാണ് ഒരു ശതമാനം പ്രളയസെസ് ഏർപ്പെടുത്തിയത്. അതിലൂടെ വിലക്കയറ്റമുണ്ടാകുമെന്നത് വസ്തുതയാണ്.

കോട്ടയം മണ്ഡലത്തിൽ മാത്രം കിഫ്ബിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്കായി 297 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട്

വിതരണത്തിൽ രാഷ്ട്രീയ വിവേചനമുണ്ടെന്നുള്ളത് വസ്തുതാവിരുദ്ധമാണ്. കിഫ്ബി നിക്ഷേപത്തുകയുടെ പലിശ ഭാവിയിലെ അധികച്ചെലവിനേക്കാൾ കുറവായിരിക്കും. കഴിഞ്ഞ വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിനോദനികുതിയിനത്തിൽ 92 കോടി രൂപ നൽകിയിരുന്നു. വിനോദനികുതി ജി.എസ്.ടി.യിൽ ഉൾപ്പെടുന്നതല്ല. ഇതുസംബന്ധിച്ച ബില്ലിന്റെ ഡ്രാഫ്റ്റിൽ 10 ശതമാനത്തിൽ കൂടുതൽ നികുതി വർദ്ധന പാടില്ലെന്ന് ഉറപ്പുനൽകുകയും മിനിമം എത്ര ശതമാനം വേണമെന്ന് തീരുമാനിക്കുകയും ചെയ്യുന്നതാണ്. റവന്യൂ റിക്കവറി ഒഴികെയുള്ള നികുതി കുടിശ്ശിക ഏകദേശം 4,000 കോടി രൂപയാണ്. ആർ.ആർ. നടപടികൾ ശക്തിപ്പെടുത്തുന്നതോടുകൂടി കുടിശ്ശിക ആംനെസ്റ്റി സ്കീമിലേയ്ക്ക് വരുന്നതാണ്. കെ.ജി.എസ്.ടി. പരിധിയിലുള്ള പെട്രോളിയം കമ്പനികളിൽനിന്നും ബാർ ഹോട്ടലുകളിൽനിന്നും കൃത്യമായി നികുതി ലഭിക്കുന്നുണ്ട്. ആർ.എസ്.ബി.വൈ.യേക്കാളും ദേശീയതലത്തിൽ നൽകുന്നതിനേക്കാളും കൂടുതൽ തുകയാണ് കാരുണ്യ ഇൻഷ്വറൻസ് പദ്ധതിപ്രകാരം റീ-ഇംബേഴ്സ്മെന്റായി ആശുപത്രികൾക്ക് നൽകുന്നത്. 3 ലക്ഷം രൂപയിൽതാഴെ വരുമാനമുള്ള മറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടാത്ത രോഗികൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

സ്ഥാപിക്കുന്നതിൽ പൊതുജനങ്ങളുടെ എതിർപ്പുള്ളതുകൊണ്ട് ഇലക്ട്രോ കോഗുലേഷൻ മെത്തേഡാണ് പ്രായോഗികം. സാദ്ധ്യമായ മേഖലകളിലെല്ലാം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ആശ്വാസ ധനസഹായം നൽകിയതിനുശേഷം അവശേഷിക്കുന്ന തുക തീരദേശവാസികളുടെയും മലയിടിച്ചിലിൽ ദുരിതമനുഭവിക്കുന്നവരുടെയും പുനരധിവാസമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

109, 110, 111, 112, 113, 117, 118, 119, 120, 121, 122, 123, 124, 126, 130, 131, 133, 134, 137, 142, 143, 144, 145, 146, 147, 148, 150, 152, 153, 154, 155, 156, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

162, 165, 167, 169, 171, 172, 173, 178, 180, 183, 184, 186 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

188, 189, 190, 192, 193, 194, 195, 196, 197, 200, 203, 204, 205, 207, 209, 210, 211, 212, 213, 215, 216, 220, 222, 223, 224, 225, 227, 229, 230, 232, 233, 235, 236, 239, 243, 245, 247 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു:

209. In the entry in column (2) against serial number 6 in THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6)(b), for the word “ an” the word “ any” shall be substituted.

223. In the entry in column (2) against the item A(a) of Serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " lakhs" substitute the word " lakh" .

233. In the entry in column (3) against item A(b) of serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " lakhs" substitute the word " lakh" .

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

248, 251, 252, 254, 255 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

266, 268, 270 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

272, 274, 275, 276, 277, 278, 279, 280, 281, 282, 283, 284, 285, 286, 287, 288, 290, 292, 293, 294, 295 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

294. In the proviso to section 23 B(8) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), for the words " its interest" substitute the words " interest thereon" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

296, 297, 298, 299, 300, 301, 302 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ മന്ത്രി സ്വീകരിച്ചു:

299. In section 5A(1) proposed to be substituted in the Kerala Building Tax Act, 1975 by Clause 8(1), the symbol " shall be added at the end of the sentence.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

309, 310, 311, 313, 314, 316 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

323, 324, 326, 327, 329, 332, 333, 334, 337, 338 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

338. In the proviso to section 37C(8) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the words " its interest" the words " interest thereon" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

340, 348, 349, 350, 351, 352, 353, 354, 355 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

355. In the proviso to section 31A (8) proposed to be substituted in the Kerala Value Added Tax Act, 2003 by Clause 11(4), for the words " its interest" substitute the words " interest thereon" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

358, 359, 360, 361, 362, 365, 370, 371 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

356. In Clause 12(1), for the figures, letters and word " 31st March" the figures, letters and word " 30th June" shall be substituted.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

372, 379 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

372. In Clause 13(1), for the words " there under" the word " thereunder" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

389, 391, 392, 393, 396, 397, 398, 399, 400, 407, 408, 409, 410 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

410. In Clause 14(4), for the words " there under" in the last line the word " thereunder" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>15-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

102, 103, 105, 106, 107 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

106. Clause 1(2) shall be recast as follows:

"(2) Save as otherwise provided in this Act, it shall deemed to have come into force on the 1st day of April, 2019."

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം 21-നെതിരെ 77 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## XII അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചത്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ. നൽകിയ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

<u>പരിഗണനയിലിരിക്കുന്നത്</u>

ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ. നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

## XIII പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): "സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് " എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 6.12-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)